"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - വയനാട് മെഡിക്കൽ കോളേജ് വികസനം - മെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതും ആശുപത്രി സേവനം മെച്ചപ്പെടുത്തുന്നതിനുള്ള വിഷയം പരിശോധിക്കുന്നതിനായി കമ്മറ്റി രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.572/2024/H&FWD തീയതി,തിരുവനന്തപുരം, 24-02-2024

പരാമർശം:- 1. ബഹു. ആരോഗ്യ വനിത ശിശു വികസന മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19.02.2024 ൽ കൂടിയ യോഗത്തിന്റെ നടപടി കുറിപ്പുകൾ

**ഉത്തരവ്**

വയനാട് മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് വയനാട് മെഡിക്കൽ കോളേജ് നിർമ്മാണവും മാനന്തവാടി ജില്ല ആശുപത്രിയിൽ സൂപ്പർ സ്പെഷ്യലിറ്റി സൗകര്യം ഏർപ്പെടുത്തുന്നതും അക്കാദമിക് കോഴ്സുകൾ ആരംഭിക്കുന്നതും സംബന്ധിച്ച് മേൽ പരാമർശ പ്രകാരം കൂടിയ യോഗത്തിൽ മാനന്തവാടി ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനവും അക്കാദമിക്ക് കോഴ്സുകൾ ആരംഭിക്കുന്നതും സംബന്ധിച്ച് പരിശോധിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തീരുമാനിച്ചിരുന്നു.

2) മേൽ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാനന്തവാടി ജില്ലാ ആശുപത്രിയിലെ മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടത്തിലേയും നിലവിലെ ആശുപത്രിയുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഓപ്പറേഷൻ തീയേറ്റർ സഹിതം സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യം ഏർപ്പെടുത്തി ഒന്നാം വർഷ എം.ബി.ബി.എസ് ക്ലാസ്സുകൾ ആരംഭിക്കുന്നതും ആശുപത്രി സേവനം മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച വിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തികൊണ്ട് ഒരു വിദഗ്ധ സംഘത്തെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഡോ. ജയകുമാർ, സൂപ്രണ്ട് , മെഡിക്കൽ കോളേജ്, കോട്ടയം
2. ഡോ. രവീന്ദ്രൻ. സി, അസോസിയേറ്റ് പ്രൊഫസർ, ജനറൽ സർജറി,

തൃശ്ശൂർ

3. ഡോ. വിശ്വനാഥൻ, പ്രൊഫസർ, ജനറൽ സർജറി, തിരുവനന്തപുരം
4. ഡോ. രാജേഷ്, അസോസിയേറ്റ് പ്രൊഫസർ, തൊറാസിക് സർജറി, കോഴിക്കോട്
5. ഡോ. നന്ദകുമാർ, അഡീഷണൽ ഡയറക്ടർ (മെഡിക്കൽ), ആരോഗ്യ വകുപ്പ്, തിരുവനന്തപുരം

3) പ്രസ്തുത വിദഗ്ധ സംഘം സ്ഥലം സന്ദർശിച്ച് വിശദമായ പരിശോധന നടത്തി ആവശ്യമായ ശിപാർശകൾ സഹിതം **ഒരാഴ്ചയ്ക്കുള്ളിൽ** റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. ആരോഗ്യ വകുപ്പ് ഡയറക്ടറും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും ഇക്കാര്യം കൃത്യമായി ഉറപ്പു വരുത്തേണ്ടതും റിപ്പോർട്ട് സമയ ബന്ധിതമായി സർക്കാരിന് സമർപ്പിക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (വകുപ്പ് മേധാവികൾ മുഖേന)

പ്രിൻസിപ്പാൾ/ സൂപ്രണ്ട്, മെഡിക്കൽ കോളേജ്, വയനാട്

സൂപ്രണ്ട്, ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ ആന്റ് ഇ) കേരളം , തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് : ബഹു. ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം) യുടെ പി.എസ് ന്

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് മീഡിയ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.